■ കാർബൺ ന്യൂട്രാലിറ്റി

# താൽപ്പര്യവുമായി ലോകബാങ്ക്



ലോകബാങ്ക് പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയനുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

2050ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാൻ കേരളം നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളിൽ താൽപ്പര്യമറിച്ച് ലോകബാങ്ക് പ്രതിനിധികൾ. മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് കേരളം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിലെ സഹകരണ സന്നദ്ധത ലോകബാങ്ക് പ്രതിനിധികൾ ഉറപ്പ് നൽകിയത്.

ഫ്ലോട്ടിങ് സോളാർ പവർ പ്ലാന്റുകളിലൂടെ വൈദ്യുതി ഉൽപ്പാദനം, കൊച്ചിയിലും വിഴിഞ്ഞത്തും ഗ്രീൻ ഹൈഡ്രജൻ വാലികൾ സ്ഥാപിക്കൽ, കൊച്ചിയിൽ ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദന ഉപഭോഗകയറ്റുമതി കേന്ദ്രം സ്ഥാപിക്കൽ, ലിഥിയം ടൈറ്റനേറ്റ് ഓക്സൈഡ്, ലിഥിയം അയൺ ഫോസ്ഫേറ്റ് എന്നിവ അടിസ്ഥാനമാക്കിയുള്ള ബാറ്ററി, ഇലക്ട്രിക് ഡ്രൈവ്, ബിഎംഎസ് സിസ്റ്റം, ഗ്രാഫീൻ പാർക്ക് എന്നിവ വികസിപ്പിക്കാനുള്ള ഇലക്ട്രിക് വാഹന പാർക്ക്, ഇലക്ട്രിക്, ഫ്യൂവൽ സെൽ അധിഷ്ഠിത വാഹനങ്ങൾ സ്വീകരിക്കുന്നതിലൂടെ ഇമൊബിലിറ്റി സ്വീകരിക്കുന്നത് തുടങ്ങി ആറ് മുൻഗണനാ പദ്ധതികളിലാണ് ലോകബാങ്കിന്റെ താൽപ്പര്യം. സൗത്ത് ഏഷ്യൻ വൈസ് പ്രസിഡന്റ് മാർട്ടിൻ റെയ്സർ, ഇന്ത്യ ഡയറക്ടർ അഗസ്റ്റിറ്റാനോ കൊയ്യെ എന്നിവരാണ് മുഖ്യമന്ത്രിയെ കണ്ടത്.

റീബിൽഡ് കേരളയുടെ ഭാഗമായുള്ള വികസന, നയപരിപാടികൾ അവലോകനം ചെയ്യാനാണ് ലോകബാങ്ക് വൈസ് പ്രസിഡന്റും സംഘവും കേരളത്തിലെത്തിയത്. സംസ്ഥാന പങ്കാളിത്ത ചട്ടക്കൂടിന്റെ ഭാഗയുള്ള പരിപാടികൾ/ പദ്ധതികൾ, തുടർപരിപാടികൾ എന്നിവ സംഘം വിലയിരുത്തി. സംഘം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സന്ദർശിച്ചു.

ആലപ്പുഴ ചങ്ങനാശേരി റോഡിന്റെ നിർമാണ പ്രവൃത്തികൾ സംഘം വിലയിരുത്തി. ചങ്ങനാശ്ശേരി പെരുന്നയിലെ പദ്ധതി യാർഡും ലേബർ ക്യാംപും സന്ദർശിച്ചു. ഇവിടുത്തെ തൊഴിലാളികളുമായും സംവദിച്ചു.

കൂടിക്കാഴ്ചയിൽ മന്ത്രിമാരായ കെ എൻ ബാലഗോപാൽ, എം ബി രാജേഷ്, കെ കൃഷ്ണൻകുട്ടി, വീണാ ജോർജ്, പി പ്രസാദ്, ചീഫ് സെക്രട്ടറി വി പി ജോയ്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ എം എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

# ജെഎസ്എസ് സ്ഥാപക നേതാക്കളടക്കം സിപിഐ എമ്മിനൊപ്പം

**സ്വന്തം ലേഖകൻ**

**ആലപ്പുഴ**

ചെങ്കൊടിത്തണലിലേക്ക് എത്തിയ ജെഎസ്എസ് സ്ഥാപക നേതാക്കളടക്കം എഴുന്നൂറിലേറെപേരെ ഹർഷാരവത്തോടെ സ്വാഗതംചെയ്ത് ആയിരങ്ങൾ. നഗരസഭാ ടൗൺ ഹാൾ അങ്കണത്തിൽ വെള്ളി വൈകിട്ട് ചേർന്ന പൊതുസമ്മേളനത്തിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രധാന നേതാക്കളെ ചെങ്കൊടി നൽകി വരവേറ്റു. ജില്ലാ സെക്രട്ടറി ആർ നാസർ, സംസ്ഥാന കമ്മറ്റിയംഗം സി ബി ചന്ദ്രബാബു അടക്കമുള്ളവർ മറ്റ് പ്രവർത്തകരെ ചുവന്ന ഹാരമണിയിച്ചു.

ആലപ്പുഴയിൽ ജെഎസ്എസ് വിട്ട് സിപിഐ എമ്മിനൊപ്പം ചേർന്ന് പ്രവർത്തിക്കാൻ എത്തിയവരെ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പാർടി പതാക നൽകി സ്വീകരിക്കുന്നു

മുൻ എംഎൽഎ കെ കെ ഷാജു, ഏകീകൃത ജെഎസ്എസ് ജനറൽ സെക്രട്ടറി ബി ഗോപൻ, ബിഎസ്പി സംസ്ഥാന മുൻ പ്രസിഡന്റ് എസ് പ്രഹ്ലാദൻ, ജെഎസ്എസ് സംസ്ഥാന സെന്റർ അംഗം സി എം അനിൽകുമാർ, ഏകീകൃത ജെഎസ്എസ് സംഘടനാ സെക്രട്ടറി നാലുകണ്ടത്തിൽ കൃഷ്ണകുമാർ, സജിത് കൂട്ടുങ്കൽ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തകർ സിപിഐ എമ്മിലേക്ക് എത്തിയത്.

പലഘട്ടങ്ങളിൽ പാർടി വിട്ടുപോയവരെയും പാർടിയിലേക്ക് വരാൻ താൽപ്പര്യമുള്ളവരെയും മടക്കിക്കൊണ്ടുവരാൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് വലിയ വിഭാഗം എത്തുന്നതെന്ന് എം വി ഗോവിന്ദൻ പറഞ്ഞു. പാർടിക്കൊപ്പം എത്തിയവർക്ക് വിവിധ ചുമതലകൾ നൽകുമെന്ന് ജില്ലാ സെക്രട്ടറി ആർ നാസർ പറഞ്ഞു.

കേന്ദ്ര കമ്മിറ്റി അംഗം സി എസ് സുജാത അധ്യക്ഷയായി. ജില്ലാ സെക്രട്ടറി ആർ നാസർ സ്വാഗതം പറഞ്ഞു. സംസ്ഥാന കമ്മിറ്റിയംഗം സി ബി ചന്ദ്രബാബു, കൊല്ലം ജില്ലാ സെക്രട്ടറി എസ് സുദേവൻ, എ എം ആരിഫ് എംപി, ജില്ലാ സെക്രട്ടറിയറ്റംഗങ്ങളായ ജി വേണുഗോപാൽ, പി പി ചിത്തരഞ്ജൻ എംഎൽഎ, എച്ച് സലാം എംഎൽഎ, അഡ്വ. കെ പ്രസാദ്, അഡ്വ. കെ എച്ച് ബാബുജാൻ, അഡ്വ. ജി ഹരിശങ്കർ, എം സത്യപാലൻ, കെ രാഘവൻ, എ മഹേന്ദ്രൻ, ജി രാജമ്മ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, നഗരസഭാധ്യക്ഷ സൗമ്യരാജ് തുടങ്ങിയവർ പങ്കെടുത്തു.

## സുവനീർ ശൃംഖലയുടെ ഉദ്ഘാടനം 18ന്: ആറന്മുള കണ്ണാടിമുതൽ ബേപ്പൂർ ഉരുവുംവരെ

**തിരുവനന്തപുരം**

സംസ്ഥാനത്തിന്റെ പ്രകൃതിഭംഗിയും സംസ്കാരവും ആസ്വദിച്ച് മടങ്ങുന്ന വിനോദസഞ്ചാരികൾക്കായി സുവനീർ ശൃംഖലയൊരുക്കാൻ വിനോദസഞ്ചാരവകുപ്പ്. ആറന്മുള കണ്ണാടിയും ചുണ്ടൻവള്ളത്തിന്റെ മാതൃകയും ബേപ്പൂർ ഉരുവിന്റെ മാതൃകയും ഉൾപ്പെടെ 15 ഇനമാണ് സംസ്ഥാനത്തിന്റെ ഔദ്യോഗിക സുവനീറുകളാകുന്നത്.

സംസ്ഥാനത്തെ വിവിധ കരകൗശലവസ്തു നിർമാതാക്കളെ ചേർത്ത് ഉത്തരവാദിത്വ ടൂറിസം മിഷനാണ് സുവനീർ ശൃംഖല തയ്യാറാക്കുന്നത്. സുവനീർ ശൃംഖല 18ന് വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വിദഗ്ധരെ ഉൾപ്പെടുത്തി ശിൽപ്പശാലയും സംഘടിപ്പിക്കും.

സുവനീറായി ഉൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച മേഖലകളും അവയുടെ വലുപ്പം, സ്വഭാവം തുടങ്ങിയവയും ശിൽപ്പശാലയിൽ നിശ്ചയിക്കും. തുടർന്ന് 15 സുവനീർ തെരഞ്ഞെടുക്കാൻ പൊതുജനാഭിപ്രായം തേടും. ഇതിന്റെകൂടി അടിസ്ഥാനത്തിലാകും അന്തിമ പട്ടിക തയ്യാറാക്കുക.

## മാതൃകാ ജയിൽ നിയമത്തിന് ആഭ്യന്തരമന്ത്രാലയത്തിന്റെ അംഗീകാരം

**ന്യൂഡൽഹി**

തടവുകാരുടെ മാനസികാവസ്ഥയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുമെന്ന അവകാശവാദത്തോടെ മാതൃകാ ജയിൽ നിയമത്തിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം അംഗീകാരം നൽകി.

കൃത്യമായ ഇടവേളകളിൽ ജയിലുകളുടെ സുരക്ഷാസജ്ജീകരണങ്ങളുടെ വിലയിരുത്തൽ, ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തടവുകാരെ തരംതിരിക്കൽ, പരാതി പരിഹാരത്തിന് സ്ഥിരംസംവിധാനം, ജയിലിൽ ഫോണും മറ്റും ഉപയോഗിക്കുന്നത് തടയാൻ കർശന ശിക്ഷ ഉറപ്പാക്കൽ, തടവുകാർക്ക് നൈപുണ്യവികസനത്തിനും തൊഴിൽ പരിശീലനത്തിനുംവേണ്ട പദ്ധതി രൂപീകരണം, വീഡിയോ കോൺഫ്രൻസിങ് സംവിധാനം വ്യാപകമാക്കൽ, തടവുകാർക്ക് നിയമസഹായം നൽകൽ തുടങ്ങിയ വിഷയങ്ങളിൽ വ്യക്തമായ മാർഗനിർദേശം ഉൾക്കൊള്ളിച്ചാണ് 130 വർഷം പഴക്കമുള്ള ജയിൽ നിയമത്തിൽ കാലാനുസൃതമായ ഭേദഗതി വരുത്തി 'മാതൃകാ ജയിൽ നിയമം 2023' തയ്യാറാക്കുന്നതെന്ന് സർക്കാർ അവകാശപ്പെട്ടു.

## താനൂർ ബോട്ടപകടം കണ്ണീരൊപ്പാൻ അതിവേഗനടപടി

**സ്വന്തം ലേഖകൻ**

**മലപ്പുറം**

താനൂർ ബോട്ടപകടത്തിൽ നാടിന്റെ കണ്ണീരൊപ്പാനുള്ള സർക്കാർ നടപടികൾക്ക് അതിവേഗം. ജുഡീഷ്യൽ കമീഷൻ ചെയർമാൻ റിട്ട. ജസ്റ്റിസ് വി കെ മോഹനൻ കഴിഞ്ഞദിവസം സ്ഥലം സന്ദർശിച്ചു. മരിച്ചവരുടെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച പത്തു ലക്ഷം രൂപവീതമുള്ള സഹായധനം അനുവദിച്ച് ബുധനാഴ്ച ഉത്തരവിറങ്ങി. ആശുപത്രിയിലുള്ളവരുടെ ചികിത്സാ ചെലവും ഏറ്റെടുത്തു. അന്വേഷണത്തിന് പ്രത്യേക പൊലീസ് സംഘത്തെയും നിയോഗിച്ചു. കൊലക്കുറ്റത്തിന് കേസെടുത്ത പൊലീസ് 10 പേരെ അറസ്റ്റുചെയ്തു.

■ സിബിഎസ്ഇ, പത്ത്, 12

# പരീക്ഷകളിൽ തിളങ്ങി കേരളം: വിജയം 99.91 ശതമാനം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

സിബിഎസ്ഇ, പത്ത്, 12 ക്ലാസ് ബോർഡ് പരീക്ഷയിൽ കേരളവും ലക്ഷദ്വീപും ഉൾപ്പെട്ട കേരള റീജണന് മിന്നുംനേട്ടം. രണ്ട് വിഭാഗത്തിലും രാജ്യത്ത് ഏറ്റവും കൂടുതൽ വിജയശതമാനം കേരള റീജണിനാണ്. 12–ാം ക്ലാസിൽ കേരളത്തിലും ലക്ഷദ്വീപിലുമായി ആകെ പരീക്ഷ എഴുതിയത് 40,560 വിദ്യാർഥികളാണ്. ഇതിൽ 40,525 വിദ്യാർഥികളും വിജയിച്ചു. വിജയശതമാനം 99.91. വിജയിച്ച വിദ്യാർഥികളിൽ 19,775 (99.88 ശതമാനം) ആൺകുട്ടികളും 20,750 (99.94 ശതമാനം) പെൺകുട്ടികളും ഉൾപ്പെടുന്നു.

പത്താം ക്ലാസ് പരീക്ഷയിലും വിജയശതമാനം 99.91 എന്ന പ്രത്യേകതയുണ്ട്. കേരള റീജണിൽ പത്താം ക്ലാസ് പരീക്ഷയെഴുതിയത് 63,035 വിദ്യാർഥികളാണ്. ഇതിൽ 62,978 വിദ്യാർഥികൾ ഉപരിപഠനയോഗ്യത നേടി. ആകെ വിജയിച്ച വിദ്യാർഥികളിൽ 31,162 (99.86 ശതമാനം) ആൺകുട്ടികളും 31,816 (99.96 ശതമാനം) പെൺകുട്ടികളുമാണ്.

# ശമ്പളം 30,000; റെയ്ഡിൽ കണ്ടെത്തിയത് കോടികൾ

**40 മുറിയുള്ള ബംഗ്ലാവ്, 10 ആഡംബര കാർ, 30 ലക്ഷം വിലവരുന്ന ടിവി തുടങ്ങിയവ പിടിച്ചെടുത്തു**

**ഭോപാൽ**

അനധികൃതമായി സ്വത്ത് സമ്പാദിച്ചെന്ന പരാതിയിൽ മധ്യപ്രദേശിലെ സർക്കാർ ഉദ്യോഗസ്ഥയുടെ വീട്ടിൽ ലോകായുക്ത പൊലീസ് നടത്തിയ റെയ്ഡിൽ പിടിച്ചെടുത്തത് കോടിക്കണക്കിന് രൂപയുടെ സ്വത്ത് വകകൾ.

30 ലക്ഷം രൂപ വിലവരുന്ന സ്മാർട്ട് ടിവി, 10 ആഡംബര കാർ, 40 മുറിയുള്ള ബംഗ്ലാവ്, വിദേശജനുസ്സിൽപെട്ട നിരവധി നായകൾ, കന്നുകാലികൾ എന്നിങ്ങനെ പട്ടിക നീളുന്നു.

മധ്യപ്രദേശ് പൊലീസ് ഹൗസിങ് കോർപറേഷനിൽ അസിസ്റ്റന്റ് എൻജിനിയറായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹേമ മീണയുടെ വീട്ടിലായിരുന്നു റെയ്ഡ്. മാസം 30,000 രൂപയാണ് ഇവരുടെ ശമ്പളം. 20,000 സ്ക്വയർ ഫീറ്റിൽ 40 മുറിയുള്ള ബംഗ്ലാവിലാണ് ഹേമ മീണ താമസിച്ചിരുന്നത്. വാക്കിടോക്കി ഉപയോഗിച്ചാണ് വീട്ടിൽ ജോലിക്കാരുമായി സംസാരിച്ചിരുന്നത്.

ഹേമ മീണ

ഇവരുടെ അച്ഛന്റെ പേരിലാണ് വസ്തുവകകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. മറ്റുബന്ധുക്കളുടെ പേരിലുള്ള കൂടുതൽ ആസ്തികൾ വെളിപ്പെടാനുണ്ടെന്ന് പൊലീസ് പറഞ്ഞു.

# എകെഎസ് ജാഥകൾ പര്യടനം തുടരുന്നു

**പാലക്കാട്**

വിവിധ ആവശ്യങ്ങളുന്നയിച്ച് ആദിവാസി ക്ഷേമ സമിതി (എകെഎസ്) സംസ്ഥാന കമ്മിറ്റി നടത്തുന്ന തെക്കൻ മേഖലാ ജാഥ മൂന്നാം ദിവസമായ വെള്ളിയാഴ്ച പാലക്കാട് ജില്ലയിലെ വിവിധ മേഖലകളിൽ പര്യടനം നടത്തി.

മലമ്പുഴ ആനക്കല്ല്, മീനാക്ഷിപുരം എന്നിവിടങ്ങളിൽ സ്വീകരണം നൽകി.

ജാഥാ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണി, മാനേജർ കെ കൃഷ്ണൻ ഒക്ലാവ്, വൈസ് ക്യാപ്റ്റൻ പി വാസുദേവൻ, സംസ്ഥാന വൈസ് പ്രസിഡന്റ് ലാൽ അട്ടപ്പാടി, അംഗങ്ങളായ എം എൽ കിഷോർ, കെ എസ് രാജൻ, എം കെ പ്രേമ എന്നിവർ സംസാരിച്ചു.

ശനിയാഴ്ച തൃശൂർ ജില്ലയിലെത്തുന്ന ജാഥ തിരുമണി, പട്ടിക്കാട്, പാലപ്പിള്ളി, മരാംകോട് (ചാലക്കുടി) എന്നിവിടങ്ങളിൽ പര്യടനം നടത്തും.

കേന്ദ്ര സർക്കാരിന്റെ ആദിവാസിവിരുദ്ധ നിലപാട് തിരുത്തുക, രാജ്യത്തെ ദളിത്, ആദിവാസി പീഡനം അവസാനിപ്പിക്കുക, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുക, വനാവകാശരേഖ ലഭിച്ച ഭൂമിക്കും ആദിവാസികളുടെ കൈവശഭൂമിക്കും പട്ടയം നൽകുക, ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ജാഥ.

## തൃശൂരിലെ സ്കൂൾ കെട്ടിടം പൊളിക്കുന്നത് തടഞ്ഞ് സുപ്രീംകോടതി

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തൃശൂർ ഇടമുട്ടം യുപി സ്കൂൾ പൊളിക്കുന്നത് തൽക്കാലം നിർത്തിവെക്കാൻ സുപ്രീംകോടതി നിർദേശം.

സ്കൂൾകെട്ടിടം ഒഴിവാക്കി മറ്റ് അലൈൻമെന്റിലൂടെ പാതവികസനം പൂർത്തിയാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ ദേശീയ ഹൈവേ അതോറിറ്റിക്ക് കോടതി നിർദേശം നൽകി.

ദേശീയപാത 66ന്റെ വികസനവുമായി ബന്ധപ്പെട്ടാണ് സ്കൂൾകെട്ടിടം പൊളിക്കാൻ തീരുമാനിച്ചത്.

# മൊയാരത്ത് ശങ്കരൻ പുരസ്കാരം പി കെ മേദിനിക്ക് സമ്മാനിച്ചു

**സ്വന്തം ലേഖകൻ**

**കണ്ണൂർ**

മൊയാരത്ത് ശങ്കരൻ സ്മാരക പുരസ്കാരം വിപ്ലവഗായിക പി കെ മേദിനിക്ക് സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ഇ പി ജയരാജൻ സമ്മാനിച്ചു. മൊയാരത്ത് ശങ്കരൻ ഫൗണ്ടേഷനും മൊയാരത്ത് ശങ്കരൻ സ്മാരക ലൈബ്രറിയും ചേർന്നാണ് 20,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്കാരം ഏർപ്പെടുത്തിയത്.

മൊയാരത്ത് ശങ്കരൻ പുരസ്കാരം പി കെ മേദിനിക്ക് സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ഇ പി ജയരാജൻ കണ്ണൂരിൽ സമ്മാനിക്കുന്നു

തങ്ങൾക്ക് ഇഷ്ടമല്ലാത്ത രാഷ്ട്രീയ പാർടികളെ അധികാരത്തിൽ തുടരാൻ അനുവദിക്കില്ലെന്ന അസഹിഷ്ണുതാരാഷ്ട്രീയമാണ് ബിജെപിയുടേതെന്ന് ഇ പി ജയരാജൻ പറഞ്ഞു.

ഇത് കോൺഗ്രസ് തുടങ്ങിവച്ചതാണ്. 1957ലെ ഇ എം എസ് സർക്കാരിനെ പിരിച്ചുവിട്ടതു മുതൽ നിരവധി സർക്കാരുകളെ കോൺഗ്രസ് അട്ടിമറിച്ചിട്ടുണ്ട്. കർണാടകത്തിൽ കോൺഗ്രസിന് ഭൂരിപക്ഷം കിട്ടിയാൽത്തന്നെ അവർക്ക് മന്ത്രിസഭയുണ്ടാക്കാൻ സാധിക്കണമെന്നില്ലെന്നും ഇ പി പറഞ്ഞു.

രാമചന്ദ്രൻ കടന്നപ്പള്ളി എംഎൽഎ സപ്ലിമെന്റ് പ്രകാശിപ്പിച്ചു. സംഘാടകസമിതി ചെയർമാൻ കെ പി സുധാകരൻ അധ്യക്ഷനായി. പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സെക്രട്ടറി എം കെ മനോഹരൻ, സിപിഐ ജില്ലാ സെക്രട്ടറി സി പി സന്തോഷ്കുമാർ, ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി പി കെ വിജയൻ, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എം ബാലൻ, പി കെ ബൈജു, മൊയാരത്ത് ജനാർദനൻ എന്നിവർ സംസാരിച്ചു. പുല്ലായിക്കൊടി ചന്ദ്രൻ സ്വാഗതവും സി പി രാജൻ നന്ദിയും പറഞ്ഞു.

# എകെപിസിടിഎ സംസ്ഥാന സമ്മേളനം തുടങ്ങി

**സ്വന്തം ലേഖിക**

**കണ്ണൂർ**

ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ) സംസ്ഥാന സമ്മേളനത്തിന് കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ തുടക്കമായി. 'നവകേരള സൃഷ്ടിക്കായി ജനപക്ഷ വൈജ്ഞാനികത' എന്ന മുദ്രാവാക്യമുയർത്തിയാണ് സമ്മേളനം. വെള്ളിയാഴ്ച സംസ്ഥാന പ്രവർത്തക സമിതിയും സംസ്ഥാന കമ്മിറ്റി യോഗവും ചേർന്നു. പ്രതിനിധി സമ്മേളനം ശനിയാഴ്ച രാവിലെ 9.30ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്യും.

ശനി പകൽ 11.15ന് വിദ്യാഭ്യാസ സമ്മേളനം ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ ബിന്ദുവും രണ്ടിന് യാത്രയയപ്പ് സമ്മേളനം എ കെ ബാലനും ഉദ്ഘാടനംചെയ്യും. വൈകിട്ട് നാലിന് പ്രകടനത്തിനുശേഷം സ്റ്റേഡിയം കോർണറിൽ ചേരുന്ന പൊതുസമ്മേളനം സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും.

വിരമിക്കുന്ന അധ്യാപകർക്ക് ആദരമർപ്പിച്ച് എകെപിസിടിഎ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തയ്യാറാക്കിയ വീഡിയോ ഡോ. എ പി കുട്ടിക്കൃഷ്ണൻ പ്രകാശിപ്പിക്കുന്നു

**പ്രതിനിധി സമ്മേളനം ശനിയാഴ്ച ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്യും**

ഞായർ രാവിലെ എട്ടിന് പ്രതിനിധി സമ്മേളനം തുടരും. പകൽ 11ന് ആർ ആർ സി അനുസ്മരണ പരിപാടി കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനംചെയ്യും. ഡോ. കെ എൻ ഗണേഷ് അനുസ്മരണ പ്രഭാഷണം നടത്തും. കണ്ണൂർ ജില്ലയിൽ ആദിവാസി മേഖലയിലെ ഗ്രന്ഥാലയങ്ങൾക്കായി പ്രതിനിധികളിൽനിന്ന് 'ബുക്ക് ഷെൽഫ്' പരിപാടിയിലൂടെ ശേഖരിച്ച പുസ്തകങ്ങൾ വി ശിവദാസൻ എംപി ഏറ്റുവാങ്ങും.

വെള്ളിയാഴ്ച വൈകിട്ട് കണ്ണൂർ മുനിസിപ്പൽ സ്കൂൾ ഗ്രൗണ്ടിൽ കണ്ണൂർ പ്രസ് ക്ലബ് ടീമും എകെപിസിടിഎ ടീമും തമ്മിൽ വോളിബോൾ പ്രദർശനമത്സരം സംഘടിപ്പിച്ചു. വിരമിക്കുന്ന അധ്യാപകർക്ക് ആദരമർപ്പിച്ച് തയ്യാറാക്കിയ വീഡിയോ ഡോ. എ പി കുട്ടിക്കൃഷ്ണൻ പ്രകാശിപ്പിച്ചു.

## മജിസ്ട്രേട്ടിനുമുന്നിൽ കുട്ടി കൈമുറിച്ചു; എസ്ഐക്കെതിരെ വകുപ്പുതല അന്വേഷണം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

മജിസ്ട്രേട്ടിനുമുന്നിൽ ഹാജരാക്കുന്നതിനിടെ പതിനഞ്ചുകാരൻ കൈ മുറിച്ച സംഭവത്തിൽ വലിയതുറ എസ്ഐക്കെതിരെ ഓറൽ എൻക്വയറിക്ക് സിറ്റി പൊലീസ് മേധാവിയുടെ നിർദേശം. ശംഖുംമുഖം അസി. കമീഷണർ ഡി കെ പൃഥ്വിരാജിനാണ് അന്വേഷണച്ചുമതല. ബുധനാഴ്ച രാത്രിയാണ് വലിയതുറ സ്വദേശിയായ പതിനഞ്ചുകാരനെ ജെഎഫ്സിഎം (രണ്ട്) മജിസ്ട്രേട്ട് എ അനീസയുടെ വസതിയിൽ വീട്ടിൽ ഹാജരാക്കിയത്. ലഹരിക്കടിപ്പെട്ട മകൻ വീട്ടിൽ ബഹളം വയ്ക്കുന്നുവെന്ന് അമ്മ അറിയിച്ചതിനെത്തുടർന്നാണ് പൊലീസെത്തിയത്. കുട്ടിയെ ജുവൈനൽ ഹോമിലാക്കണം എന്നായിരുന്നു അമ്മയുടെ ആവശ്യം. തുടർന്ന് പൊലീസ് സംഘം കുട്ടിയുമായി മജിസ്ട്രേട്ടിന് മുന്നിലെത്തുകയായിരുന്നു.

മജിസ്ട്രേട്ടിനുമുന്നിൽ കുട്ടി ശാന്തനായിരുന്നു. മജിസ്ട്രേട്ടിനുപുറമെ രണ്ടുപേർക്കുമാത്രം നിൽക്കാൻ കഴിയുന്ന മുറിയിൽ അമ്മയെയും മകനെയുമാണ് നിർത്തിയിരുന്നത്. ജുവൈനൽ ഹോമിലേക്കയക്കണമെന്ന് അമ്മ മജിസ്ട്രേട്ടിനോട് പറഞ്ഞതോടെയാണ് കുട്ടി രോഷാകുലനായത്. 'നിങ്ങളെന്തിനാണ് എന്നെ പ്രസവിച്ചത്' എന്ന് ചോദിച്ച് അടിവസ്ത്രത്തിൽ ഒളിപ്പിച്ചിരുന്ന കത്തി യെടുത്ത് കയ്യിൽ കുത്തുകയും ഞരമ്പ് മുറിക്കാൻ ശ്രമിക്കുകയുമായിരുന്നു.

പുറത്ത് കാത്തുനിന്ന പൊലീസ് എത്തി കുട്ടിയെ കീഴ്പ്പെടുത്തി. അതേസമയം കുട്ടി മജിസ്ട്രേട്ടിനെ ആക്രമിക്കാൻ ശ്രമിച്ചെന്ന വാർത്ത തെറ്റിദ്ധാരണാജനകമാണെന്ന് പൊലീസ് പറഞ്ഞു. എന്നാൽ, കുട്ടിയെ കോടതിയിൽ ഹാജരാക്കും മുമ്പ് പൂർണമായി പരിശോധിക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയെന്ന് കണ്ടാണ് എസ്ഐക്കെതിരെ നടപടിക്ക് നിർദേശിച്ചത്.

## മുതിർന്ന അഭിഭാഷക പദവി: പ്രായം തടസ്സമല്ലെന്ന് സുപ്രീം കോടതി

**ന്യൂഡൽഹി**

നാൽപ്പത്തഞ്ച് വയസ്സിനു മുകളിലുള്ള അഭിഭാഷകർക്കേ മുതിർന്ന അഭിഭാഷക പദവി നൽകാൻ പാടുള്ളൂവെന്ന് നിർബന്ധമില്ലെന്ന് സുപ്രീംകോടതി. ആ പ്രായത്തിനു താഴെയുള്ള തൊഴിലിൽ അസാധാരണ പ്രാഗത്ഭ്യം പ്രകടിപ്പിക്കുന്ന അഭിഭാഷകർ ഉണ്ടെങ്കിൽ അവർക്ക് മുതിർന്ന അഭിഭാഷക പദവി നൽകുന്നതിനോട് എതിർപ്പില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി. മുതിർന്ന അഭിഭാഷക പദവി നൽകുന്നതുമായി ബന്ധപ്പെട്ട 2017ലെ ഉത്തരവിൽ ഭേദഗതികൾ ആവശ്യപ്പെടുള്ള ഹർജി പരിഗണിക്കവെയാണ് സുപ്രീംകോടതി നിലപാട് അറിയിച്ചത്. 45 വയസ്സിനു താഴെയുള്ള അഭിഭാഷകർ മുതിർന്ന അഭിഭാഷക പദവിക്ക് അപേക്ഷിക്കേണ്ടതില്ലെന്ന നിർബന്ധം ഇല്ലെന്നാണ് സുപ്രീം കോടതി പുതിയ ഉത്തരവിൽ പറയുന്നത്.

■ ഉമ്മൻചാണ്ടിയുടെ ആരോഗ്യനിലയിൽ വ്യാജവാർത്ത

# മറുനാടനെതിരെ മാനനഷ്ട കേസിൽ നോട്ടീസ്

**തിരുവനന്തപുരം**

മുതിർന്ന കോൺഗ്രസ് നേതാവ് ഉമ്മൻ ചാണ്ടിയുടെ ആരോഗ്യനില സംബന്ധിച്ച് വ്യാജവാർത്ത നൽകിയതിന് മറുനാടൻ മലയാളി ഓൺലൈനിന് മാനനഷ്ട കേസിൽ നോട്ടീസ്. തുടർച്ചയായി പിതാവിന്റെ ആരോഗ്യഅവസ്ഥ സംബന്ധിച്ചും കുടുംബത്തിനെതിരെയും വസ്തുതാ വിരുദ്ധമായ വാർത്തകൾ നൽകുന്നതിനാലാണ് നോട്ടീസ് അയച്ചതെന്ന് മകൻ ചാണ്ടി ഉമ്മൻ പറഞ്ഞു.

മറുനാടൻ മലയാളി ഓൺലൈൻ ചാനൽ എഡിറ്റർ ഷാജൻ സ്കറിയ, മാനേജിങ് ഡയറക്ടർ ആൻ മരിയ ജോർജ്, ചീഫ് എഡിറ്റർ എം റിജു എന്നിവർക്കാണ് വക്കീൽ നോട്ടിസ്. ഉമ്മൻചാണ്ടിയുടെ ആരോഗ്യനിലയെക്കുറിച്ച് നിരന്തരം വ്യാജവാർത്തകൾ പ്രസിദ്ധീകരിച്ചു, ചികിത്സ നടന്ന ബംഗളൂരുവിലെ എച്ച്സിജി ആശ